1/2

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന പമ്പ് ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതകളിൽ ഒന്നായി പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് ട്രേഡ് കൂടി പരിഗണിക്കാവുന്നതാണെന്ന് സ്പഷ്ടമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ) നം.1299/2023/LBR തീയതി,തിരുവനന്തപുരം, 21-10-2023

പരാമർശം:- 1. ചാക്ക ഗവ.ഐ.ടി.ഐ.യിലെ പമ്പ് ഓപ്പറേറ്റർ ട്രെയിനീസ് സർക്കാരിലേയ്ക്ക് സമർപ്പിച്ച 17.05.2023 തീയതിയിലെ നിവേദനം.
2. ട്രെയിനിംഗ് ഡയറക്ടറുടെ 15.06.2023-ലെ ഡി.ടി/2424/2023-എഫ് 1 നമ്പർ കത്ത്.

### ഉത്തരവ്

വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന പമ്പ് ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് ട്രേഡ് പഠിച്ച ഉദ്യോഗാർത്ഥികളെ മാത്രം നിയമിക്കണം എന്ന അഭ്യർത്ഥനയുമായി ചാക്ക ഗവ.ഐ.ടി.ഐ.യിലെ പമ്പ് ഓപ്പറേറ്റർ ട്രെയിനീസ് പരാമർശം 1 പ്രകാരം സർക്കാരിലേയ്ക്ക് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി.

2) മേൽ നിവേദനത്തിന്മേൽ ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 2 -ലെ റിപ്പോർട്ട് പ്രകാരം പി.എസ്.സി. നോട്ടിഫിക്കേഷൻ ചെയ്തിരിക്കുന്ന പമ്പ് ഓപ്പറേറ്റർ തസ്തികയിലെ ജോലിയ്ക്ക് അനുയോജ്യമായ പാഠ്യഭാഗങ്ങളും പ്രായോഗിക പരിശീലനവുമാണ് പമ്പ് ഓപ്പറേറ്റർ കം മെക്കാനിക്ക് ട്രേഡിന്റെ സിലബസിൽ ഉള്ളത്. ടി ട്രേഡിൽ വിവിധ തരം പമ്പുകളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും അതിന്റെ അറ്റകുറ്റ പണികൾ ചെയ്യുവാനുള്ള പ്രായോഗിക പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ വിവിധ തരം വാൽവുകളെപ്പറ്റിയും, പ്ലംബിംഗ് വർക്കുകളും പമ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഇലക്ട്രിക് ഉപകരണങ്ങളുടെയും, എഞ്ചിന്റെയും ഒക്കെ തകരാറുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അടിസ്ഥാന വിവരങ്ങളും സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തസ്തികയിലേക്ക് ഉള്ള ഏറ്റവും അനുയോജ്യമായ ട്രേഡ് 'Pump Operator Cum Mechanic' ആണെന്ന് ഈ വിഷയം പരിശോധിച്ച കമ്മിറ്റി വിലയിരുത്തുന്നതായും ഈ ട്രേഡ് കേരളത്തിലെ ഐ.ടി.ഐ.കളിൽ പരിശീലനം തുടങ്ങിയിട്ട് 5 വർഷത്തോളമേ ആയിട്ടുള്ളൂ എന്നതിനാലാകണം പി.എസ്.സി പമ്പ് ഓപ്പറേറ്റർ ഉൾപ്പെടെയുള്ള സമാന തസ്തികയിലേക്ക് ടി ട്രേഡ് പരിഗണിക്കാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നതോടൊപ്പം മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്ക് പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് ട്രേഡ് പാസ്സായ ട്രെയിനികളെ പരിഗണിക്കണമെന്നും, പമ്പ് ഓപ്പറേറ്റർ തസ്തികയുടെ അടിസ്ഥാന

യോഗ്യതകളിൽ ഒന്നായി മേൽ പരാമർശിച്ചിരിക്കുന്ന ട്രേഡു കൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓരോ വകുപ്പിന്റെയും കീഴിൽ വരുന്ന പമ്പ് ഓപ്പറേറ്റർ തസ്തികകൾക്ക് ഏതെല്ലാം യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെയാണ് നിയമിക്കുന്നത് എന്ന് സ്ഥിരീകരിക്കുന്നത് അതാത് വകുപ്പിൽ രൂപീകൃതമായിട്ടുള്ള സ്പെഷ്യൽ റൂളുകളുടെ അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഓർഡറുകളുടെ അടിസ്ഥാനത്തിലാണ്. ഒരു വകുപ്പിലെ തസ്തികയ്ക്ക് വേണ്ടുന്ന യോഗ്യതകൾ നിശ്ചയിക്കുന്നത് ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതാത് ഭരണ വകുപ്പാണ്. അത്തരത്തിൽ നിശ്ചയിക്കപ്പെടുന്ന യോഗ്യതകൾ അതാത് വകുപ്പുകളുടെ വിശേഷാൽ ചട്ടങ്ങളിൽ ചട്ടപ്രകാരമുള്ള പ്രക്രിയകൾക്ക് ശേഷം ഉൾപ്പെടുത്തുന്നതുമായിരിക്കും. ആയതിനാൽ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങളിലെ പമ്പ് ഓപ്പറേറ്റർ തസ്തികകൾക്ക് നിലവിലെ ചട്ടപ്രകാരമുള്ള യോഗ്യതകളുള്ളവരെ കൂടാതെ പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവരെ കൂടി അടിസ്ഥാന യോഗ്യതയുള്ളവരായി പരിഗണിക്കാവുന്നതാണെന്ന് സ്പഷ്ടമാക്കിയും, പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ /എക്സിക്യൂട്ടീവ് ഉത്തരവിൽ "പമ്പ് ഓപ്പറേറ്റർ കം മെക്കാനിക്" ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് എന്നുകൂടി ഉൾപ്പെടുത്തി പരിഷ്കരിക്കാവുന്നതാണെന്നും ബന്ധപ്പെട്ട വകുപ്പുകൾ / സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മേൽ നിർദ്ദേശങ്ങൾക്ക് മുൻകാലങ്ങളിൽ വന്നിട്ടുള്ള നോട്ടിഫിക്കേഷനുകൾ/നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ എന്നിവയ്ക്ക് പ്രാബല്യം നൽകേണ്ടതില്ല എന്നു കൂടി സ്പഷ്ടമാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ. ചന്ദ്ര
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ~~സ്ഥാപന~~ മേധാവികൾ.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usharani L
Date: 25-10-2023 15:11:49
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.